# തിരുവനന്തപുരം ആരോഗ്യവകുപ്പ് കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (പൊതുജനാരോഗ്യം) നടപടിക്രമം

വിഷയം :- ആ.വ.ഡ – ജീവനക്കാര്യം- ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്1 തസ്തികയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്2 തസ്തികയിലേയ്ക്ക് താത്ക്കാലിക സ്ഥാനക്കയറ്റത്തിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. ഉത്തരവ് നം.ഇജി4-41950/2016/ആ.വഡ തീയതി 8.3.21

2. ഉത്തരവ് നം.ഇജി4-41950/2016/ആ.വ.ഡ തീയതി 17.6.20

3. 22.3.21 തീയതി പ്രകാരം മെഡിക്കൽ ഓഫീസർ സി.എച്ച്.സി കുരാച്ചുണ്ട് സമർപ്പിച്ച അപേക്ഷ.

4. നം.എ2-1628/2020/ജി.മെ.ആ കാസർഗോഡ് തീയതി 14.10.20

5. ഉത്തരവ് നം.ഇഎസ്1-14462/2015/ആ.വ.ഡ തീയതി 8.11.2018

**ഉത്തരവ് നം. ഇജി4-41950/2016/ആ.വ.ഡ തീയതി 31.03.2021**

പരാമർശം രണ്ട് പ്രകാരമുള്ള ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്2 തസ്തികയിലെ സ്ഥാനക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ട ശ്രീ.ബിജു.പി., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്1 താലൂക്കാശുപത്രി മംഗൽപാടി പരാമർശം 1 പ്രകാരമുള്ള സ്ഥാനക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ട ശ്രീ.ഹരീഷ്കുമാർ.പി, ജെ.എച്ച്.ഐ ഗ്രേഡ്1, സി.എച്ച്.സി കുരാച്ചുണ്ട് എന്നീ ജീവനക്കാർക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്2 തസ്തികയിൽ അന്തർജില്ലാ സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ളതിനാൽ എച്ച്.ഐ ഗ്രേഡ്2 തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് അർഹതയില്ലെന്നും ആയതിനാൽ പ്രസ്തുത സ്ഥാനക്കയറ്റ ഉത്തരവിൽ നിന്നും ടി ജീവനക്കാരുടെ പേര് റദ്ദു ചെയ്യണമെന്നും പരാമർശം 3,4 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

ഈ സാഹചര്യത്തിൽ പരാമർശം 1 പ്രകാരമുള്ള സ്ഥാനക്കയറ്റ ഉത്തരവിൽ ക്രമനം.34 (റാങ്ക് നം.513) ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ.ഹരീഷ്കുമാർ.പി, സി.എച്ച്.സി കുരാച്ചുണ്ടിന്റെ പേര് പ്രസ്തുത സ്ഥാനക്കയറ്റ ഉത്തരവിൽ നിന്നും റദ്ദു ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം 2 പ്രകാരമുള്ള സ്ഥാനക്കയറ്റ ഉത്തരവിൽ ക്രമനം.54(റാങ്ക് നം.451) ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ.ബിജു.പി, റ്റി.എച്ച്.ക്യൂ.എച്ച് മംഗൽപാടിയുടെ പേര് പ്രസ്തുത സ്ഥാനക്കയറ്റ ഉത്തരവിൽ നിന്നും റദ്ദു ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ ടി ജീവനക്കാർ ജെ.എച്ച്.ഐ ഗ്രേഡ്1 തസ്തികയിൽ ജോലിയിൽ തുടരുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പരാമർശം 1,2 ഉത്തരവുകൾ മറ്റ് ഭേദഗതികളൊന്നുമില്ലാതെ തുടരുന്നതാണ്.

(ഒപ്പ്)
**ഡോ.വി.മീനാക്ഷി**
**അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം)**

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്;-

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്/കാസർഗോഡ്
2. സൂപ്രണ്ട്, താലൂക്കാസ്ഥാന ആശുപത്രി മംഗൽപാടി/ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കുരാച്ചുണ്ട്
3. ഫയൽ/കരുതൽ ഫയൽ

//ഉത്തരവിൻപ്രകാരം//

സൂപ്രണ്ട്

പി.ആർ/09/04